12171
22/6/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിപ്പ വൈറസ് ബാധമൂലം മാറ്റി നിർത്തപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനാവശ്യമായ തുകയും നിപ്പ വൈറസ് ബാധിച്ചവരുടെ ചികിത്സാചെലവിനുള്ള തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്

സ.ഉ.( കൈ)നം: 232 /2018 /റവ. തിരുവനന്തപുരം, തീയതി, 20/06/2018

---

ഉത്തരവ്

നിപ്പ വൈറസ് ബാധമൂലം മാറ്റിനിർത്തപ്പെട്ട മലപ്പുറം ജില്ലയിലെ 150 കുടുംബങ്ങളെയും കോഴിക്കോട് ജില്ലയിലെ 2400 കുടുംബങ്ങളെയും ബന്ധപ്പെട്ട ജില്ലാകളക്ടർമാർ കണ്ടെത്തി, ഓണക്കിറ്റിനു സമാനമായ പല ചരക്കുകൾ ഉൾപ്പെടുത്തി സൗജന്യ റേഷൻ സപ് ളൈകോ വഴി വീടുകളിലെത്തിക്കുന്നതിനും ബില്ലുകൾ ജില്ലാ കളക്ടർ പരിശോധിച്ച് സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും റീ-ഇംപേഴ്സ് ചെയ്യുന്നതിനും ഉത്തരവാകുന്നു.

നിപ്പ വൈറസ് ബാധയെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയവരുടെ ചികിത്സയ്ക്ക് ചെലവായ തുക, വെന്റിലേറ്റർ ചാർജ്ജ് ഉൾപ്പെടെ, സർക്കാർ വഹിക്കുന്നതിനും തുക നിശ്ചയിച്ച് ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക റീ ഇംപേഴ്സ് ചെയ്യുന്നതിനും ഉത്തരവാകുന്നു.

ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതും ആയത് സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഗീത.എൽ
സ്പെഷ്യൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്/മലപ്പുറം
ഭക്ഷ്യ പൊതു വിതരണ വകുപ്പ്
മാനേജിംഗ് ഡയറക്ടർ, സപ് ളൈകോ
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Smitha A.S.

സെക്ഷൻ ഓഫീസർ